# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2768

17.06.2019-ലെ മറുപടി

## ഓച്ചിറ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഓച്ചിറ കുടിവെള്ള പദ്ധതിയിൽ നിന്ന് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിൽ കുടിവെള്ളം ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | ഓച്ചിറ കുടിവെള്ള പദ്ധതിയിൽ നിന്ന് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, ആലപ്പാട്, ക്ലാപ്പന, ഓച്ചിറ എന്നീ പ്രദേശങ്ങളിലാണ് കുടിവെള്ളം ലഭ്യമാക്കുന്നത്. |
| (ബി) | ഈ പദ്ധതി പ്രകാരം കുടിവെള്ളം ലഭിക്കുന്ന പ്രദേശങ്ങളിൽ പല സ്ഥലത്തും വാട്ടർ ഫോഴ്സ് കുറവായതിനാൽ ആവശ്യമായ കുടിവെള്ളം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ആലപ്പാട്ട് ഗ്രാമപ.ഞ്ചായത്തിന്റെ വടക്കൻമേഖലയിൽ ആവശ്യത്തിന് കുടിവെള്ളം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | | ഉണ്ട്; പ്രസ്തുത പഞ്ചായത്തിലെ വടക്കൻ പ്രദേശങ്ങളായ 1 , 2 , 3 വാർഡുകളിൽ ഓച്ചിറ കുടിവെള്ള പദ്ധതിയുടെ നിലവിലെ വിതരണ ശൃംഖലയിൽ നിന്നും ആവശ്യാനുസരണം ജലം ലഭ്യമല്ല. പ്രശ്നം പരിഹരിക്കുന്നതിനായി ഓച്ചിറ ശുദ്ധീകരണ ശാലയിൽ നിന്നും ഏകദേശം 10 കിലോമീറ്റർ ദൂരം പൈപ്പ് ലൈൻ സ്ഥാപിച്ച് നേരിട്ട് കുടിവെള്ളമെത്തിക്കുന്ന ഒരു പ്രവൃത്തി ഫിഷറീസ് വകുപ്പിന്റെ ധന സഹായത്തോടെ നടപ്പിലാക്കുവാൻ 29.05.2019-ൽ കൂടിയ അവലോകന യോഗത്തിൽ നിർദേശിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനായുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ